**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി നാശം സംഭവിച്ചതിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യകാപ്പ് പാടശേഖരങ്ങളിലെ നെൽകൃഷി വെള്ളം ലഭ്യമല്ലാത്തതിനാൽ നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2023-24 വർഷത്തിൽ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യാകാപ്പ് പാടശേഖരങ്ങളിലെ 50 ഹെക്ടറോളം പുഞ്ച നെൽകൃഷി വെള്ളം ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായും നശിക്കുകയും ഏകദേശം അത്ര തന്നെ പ്രദേശത്തെ നെൽ കൃഷിയുടെ ഉല്പാദനം 50 ശതമാനത്തോളം കുറയുകയും ചെയ്തിരുന്നു. |
| (ബി) | ഇപ്രകാരം കൃഷി നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം ഈ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എംയിസ് പോർട്ടൽ വഴി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രദേശങ്ങളിൽ വരുംവർഷങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യാകാപ്പ് പാടശേഖരങ്ങളുടെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന 'മോര്യാ കാപ്പ് എന്ന 6 ഏക്കറോളം വരുന്ന ചെറുജലാശയം ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയാണ് ഇതിനുള്ള ശാശ്വത പരിഹാരം.<br><br>2024 മാർച്ചിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജലസേചന, കൃഷി, റവന്യൂ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗ തീരുമാന പ്രകാരം മോര്യാകാപ്പ് നവീകരണത്തിന് എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു. മോര്യാകാപ്പ് നവീകരണത്തിനു വേണ്ടി എത്ര ഫണ്ട് ചെലവ് വരും എന്നതിനെ കുറിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.സി.എ.ഇ.ടി കാർഷിക കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ.സജീന എസ് -ന്റെ നേതൃത്വത്തിൽ കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | | | ഉദ്യോസ്ഥരും ജനപ്രതിനിധികളും 16.05.2024 ന് മോര്യാകാപ്പ് സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ പാടശേഖരങ്ങളിലേയ്ക്ക് വെള്ളം എത്തുന്ന പ്രധാനപ്പെട്ട തോടായ കാളം തിരുത്തി-മുക്കം തോടിൽ നിന്നും മണ്ണും ചെളിയും നീക്കി മാറ്റുന്ന പ്രവൃത്തി തിരൂരങ്ങാടി നഗരസഭ, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് എന്നിവർ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ